# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 834

09/08/2017 -ൽ മറുപടിയ്ക്ക്.

## കവർ പാലുകളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൽദോ എബ്രഹാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന കവർ പാലുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) നിലവിൽ പാൽ പരിശോധിച്ച് നടപടിയെടുക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാലിന്റെയും, പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും, ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന പാലും, പാലുല്പന്നങ്ങളും ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. 2011 -ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ (MMPO) 1992, പ്രകാരം ക്ഷീരവികസന വകുപ്പിന് അധികാരം ഉണ്ടായിരുന്നപ്പോൾ എല്ലാ ജില്ലകളിലും പാലിന്റെ മാർക്കറ്റ് സാമ്പിൾ എടുത്ത് പരിശോധിച്ചിരുന്നത് തുടർന്നും നടത്തി പോരുന്നു. പാലിന്റെ ഗുണനിലവാരം |

പരിശോധിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും മാർക്കറ്റിൽ നിന്ന് ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ കാസർകോട്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് റീജിയണൽ ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡയറി ഡയറക്ടറേറ്റിനോടനുബന്ധിച്ച് NABL (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്) അക്രഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിശ്ചിത ഗുണനിലാരം ഇല്ലാത്ത കവർ പാലുകൾ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളുടെ പാലുകളാണ് നിലവാരം ഇല്ലാത്തതായി കണ്ടെത്തിയതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് ജില്ലാതലത്തിൽ നടത്തിയ പാൽ പരിശോധനയിൽ ചില സന്ദർഭങ്ങളിൽ താഴെ പറയുന്ന കമ്പനികളുടെ പാൽ സാമ്പിളുകൾ നിശ്ചിത ഗുണനിലവാരം പുലർത്തിയിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

1) PDDP .
2) മലനാട്,
3) വാഗമൺ,
4) ഗോപിക,
5 ശക്തി,
4) മിൽക്കോ,
5) എ-വൺ
6) ഒമേഗ,
7) കൗമ,
8) അമൃത
9) ക്ഷീര,
10) ജീവ,
11) അമ്പാടി ,
12) ഹിമ

ഭക്ഷ്യസുരക്ഷാ നിയമം 2011, പ്രാബല്യത്തിൽ വന്നതിനുശേഷം പാലിന്റെ നിയമപരമായ സാമ്പിൾ ശേഖരിക്കുന്നതിനും പരിശോധന നടത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ വിഭാഗത്തിനു മാത്രമാണ് അധികാരമുള്ളത്. ആയതിനാൽ ക്ഷീരവികസന വകുപ്പ്

ഇക്കാര്യത്തിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഭക്ഷ്യസുരക്ഷാ വകുപ്പ് പാലുകളുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്നവ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

1) ആമ്പാടി പശുവിൻപാൽ,

2) ഹൈടെക് ഡയറി മിൽക്ക്,

3) മാറനല്ലൂർ ക്ഷീര വ്യസായ സഹകരണ സംഘം

4) അക്ഷയ് മിൽക്ക്,

5) വരുളർ മിൽക്ക് സൊസൈറ്റി,

6) ഓം കൃഷ്ണ മിൽക്ക്

7) മിൽവെ മിൽക്ക്

8) ജി.എസ്.എം പാല,

9) നാഞ്ചിൽ മിൽക്ക്,

10) സോഫീയ രാജാ മിൽക്ക് ഫാം,

11) ഐ ഡി.മിൽക്ക് കോവളം,

12) തിരുമല മിൽക്ക്,

13) ഏറനാട് കൗ മിൽക്ക് ,

14) റിച്ച് ഡയറി അണ്ണനാട്,

15) ആർ.കെ.ബി ഫുഡ് പ്രോഡക്ട്സ്

16) ജി.എസ് എം ഡയറി പള്ളിയാർ,

17) ഏറനാട് പശുവിൻ പാൽ

18) ഗോകുലം ഡയറി അഖിലാണ്ടപുരം, പൊള്ളാച്ചി.

ഈ കമ്പനികൾക്കെതിരെ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.